ക്ലാസ് സർവ്വീസുകൾ ഇൻഷർ ചെയ്തിട്ടുണ്ട്. ഇടുക്കി മലബാർ മേഖലകളിൽ പുതിയ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ടൗൺ-ടു-ടൗൺ സർവീസുകൾ തുടങ്ങിയിട്ടുണ്ട്. റിസർവേഷൻ സൗകര്യങ്ങൾ വ്യാപകമാക്കുകയും സർവ്വീസ് ചെക്കിംഗ് കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കാനായി ജീവനക്കാർക്കുള്ള ഇൻസന്റീവ് സ്കീം നടപ്പാക്കിക്കഴിഞ്ഞു.

(സി) തിട്ടപ്പെടുത്തിയിട്ടില്ല.

കെ. എസ്. ആർ. ടി. സി ബസ് അപകടത്തിൽപ്പെട്ടവർക്ക് കോമ്പൻസേഷൻ

111 (797) ശ്രീ. വി. ജെ. പൗലോസ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ് അപകടങ്ങളിൽപ്പെട്ടവർക്ക് കോമ്പൻസേഷൻ നൽകുവാൻ കെ. എസ്. ആർ. ടി. സി. പ്രതിമാസം എന്തു തുക വീതം ശരാശരി നൽകുന്നുണ്ട് ;

(ബി) 31-1-2001-ലെ കണക്കനുസരിച്ച് വിവിധ കോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ അവാർഡ് ചെയ്ത എന്തു തുക കെ. എസ്. ആർ. ടി. സി കൊടുത്തു തീർക്കുവാനുണ്ട് ;

(സി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് ആ തീയതിയിൽ കെ. എസ്. ആർ. ടി. സി. ബസ് അപകടംമൂലമുള്ള കോമ്പൻസേഷൻ ആവശ്യപ്പെട്ടുകൊണ്ട് എത്ര കേസുകൾ വിവിധ കോടതികളിൽ കിടപ്പുണ്ട് ;

(ഡി) ഈ കേസുകളിൽ കക്ഷികൾ ആവശ്യപ്പെട്ടിട്ടുള്ള നഷ്ടപരിഹാരം എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശരാശരി 70 ലക്ഷം രൂപ പ്രതിമാസം കൊടുത്തുവരുന്നു.

(ബി) 8,36,22,579 രൂപ.

(സി) 24,490 കേസുകൾ.

(ഡി) 127.14 കോടി രൂപ.

പുതിയ ബസ് സർവ്വീസുകൾ

112 (798) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം നിയോജകമണ്ഡലത്തിൽ പുതിയ എത്ര ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly